File Ref.No.211331/GA - IV - C2/2019/Admn

**UNIVERSITY OF CALICUT**

**Abstract**

ജനറൽ & അക്കാദമിക് ബ്രാഞ്ച് -സർവകലാശാല സർട്ടിഫിക്കറ്റുകളിലും മാർക്ക് ലിസ്റ്റുകളിലും പേരുമാറ്റം വരുത്തുന്നതിന് പുതിയ മാർഗരേഖ രൂപപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് -സിണ്ടിക്കേറ്റ് യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ടുള്ള ഉത്തരവ് .

**G & A - IV - C**

U.O.No. 14971/2022/Admn — Dated, Calicut University.P.O, 03.08.2022

*Read:*-1. 28.07.2010 ലെ EPRV/1/Correction/2009 നമ്പർ ഉത്തരവ് .
2. 22.12.2020 ലെ കത്തുപ്രകാരമുള്ള സ്റ്റാന്റിംഗ് കോൺസിലിന്റെ റിപ്പോർട്ട്
3 20.03.2021 ലെ സിണ്ടിക്കേറ്റ് യോഗത്തിന്റെ 2021.262* നമ്പർ ഇനത്തിന്റെ മിനുട് സ് .
4.13.04.2021 ലെ 4381/2021/Admn നമ്പർ ഉത്തരവ് .
5. സിണ്ടിക്കേറ്റ് ഉപസമിതിയുടെ 30.05.2022 ലെ യോഗത്തിന്റെ മിനുട് സ് .
6.09.06.2022 ലെ സിണ്ടിക്കേറ്റ് യോഗത്തിന്റെ 2022.610*നമ്പർ ഇനത്തിന്റെ മിനുട് സ്.
7. 03 .07.2022 ലെ വൈസ് ചാൻസലറുടെ ഉത്തരവ് .
8 .15 .07.2022 ലെ സിണ്ടിക്കേറ്റ് യോഗത്തിന്റെ 2022.857 *നമ്പർ ഇനത്തിന്റെ മിനുട് സ്.
9. 28 .07.2022 ലെ വൈസ് ചാൻസലറുടെ ഉത്തരവ് .

## ORDER

കാലിക്കറ്റ് സർവകലാശാലയിൽ സൂചന (1) പ്രകാരം നിലവിലുള്ള നിയമമനുസരിച്ച് ഗസറ്റ് വിജ്ഞാപന തിയതിക്ക് ശേഷം നേടിയ കോഴ്സുകളുടെ മാർക് ലിസ്റ്റുകളിൽ/സർട്ടിഫിക്കറ്റുകളിൽ മാത്രമേ പേര് മാറ്റം അനുവദിക്കുകയുള്ളൂ. കോഴ്സ് കഴിഞ്ഞതിനു ശേഷം ഗസറ്റ് വിജ്ഞാപനപ്രകാരം പേരുമാറ്റം വരുത്തിയവർ ആവശ്യമായ അവസരങ്ങളിൽ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പും വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന വൺ ആൻഡ് ദ സെയിം സർട്ടിഫിക്കറ്റും സമർപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ പല വിദ്യാർത്ഥികളും കോഴ്സ് കാലാവധിക്ക് ശേഷം ഗസറ്റ് വിജ്ഞാപനപ്രകാരം പേരുമാറ്റം വരുത്തി, ആ മാറ്റം സർട്ടിഫിക്കറ്റുകളിൽ വരുത്തുന്നതിനു വേണ്ടി സർവ്വകലാശാലയെ സമീപിക്കുന്നതിനാൽ ഇതുമായി ബന്ധപ്പെട്ടു സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശം തേടാൻ വൈസ് ചാൻസലർ ഉത്തരവിട്ടിരുന്നു. തദനുസരണം സ്റ്റാന്റിംഗ് കൗൺസിലിന്റെ അഭിപ്രായം തേടുകയും സൂചന (2)പ്രകാരം നിയമോപദേശം ലഭിക്കുകയും ചെയ്തിരുന്നു.

സ്റ്റാന്റിംഗ് കൗൺസിലിന്റെ അഭിപ്രായമനുസരിച്ച്, സർവകലാശാലകളിൽ വിദ്യാർത്ഥികളെ ചേർക്കുന്നത് യോഗ്യതാ സർട്ടിഫിക്കറ്റുകളായ എസ് .എസ് .എൽ .സി / പ്ലസ് ടു/ വി.എച്ച് .എസ് .ഇ എന്നിവയുടെ അടിസ്ഥാനത്തിലാണ്. ഇവയിൽ മാറ്റം വരുത്താതെ ഗസറ്റ് വിജ്ഞാപനത്തിനു ശേഷമുള്ള സർട്ടിഫിക്കറ്റുകളിൽ മാറ്റം വരുത്താൻ പറ്റില്ല. ആയതിനാൽ സർവകലാശാലയിൽ സർക്കാർ ഉത്തരവ് അടിസ്ഥാനപ്പെടുത്തി, ഗസറ്റ് വിജ്ഞാപനപ്രകാരം വന്നിട്ടുള്ള പേരുമാറ്റം ബാധകമാക്കുന്നതിനായി അനുയോജ്യമായ നിയമം രൂപീകരിക്കാൻ സ്റ്റാന്റിംഗ് കൗൺസിൽ നിർദ്ദേശിച്ചിരുന്നു

സ്റ്റാന്റിംഗ് കൗൺസിലിന്റെ റിപ്പോർട്ട് 20.03.2021 ലെ സിണ്ടിക്കേറ്റ് യോഗത്തിന്റെ പരിഗണനക്കായി സമർപ്പിക്കുകയും സൂചന (3)പ്രകാരം, കാര്യങ്ങൾ വ്യക്തമായി ചർച്ച ചെയ്തു പുതിയ മാർഗനിർദേശങ്ങൾ നൽകുന്നതിനായി Adv. ടോം കെ. തോമസ് കൺവീനറും, ശ്രീ. കെ. കെ. ഹനീഫ, ഡോ എം മനോഹരൻ, ഡോ. വിനോദ്കുമാർ കെ. പീ എന്നീ സിണ്ടിക്കേറ്റ് അംഗങ്ങളും ഉൾപ്പെട്ട ഉപസമിതി രൂപീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് സൂചന (4) പ്രകാരം ഉപസമിതി രൂപീകരിച്ചു ഉത്തരവിറക്കുകയും കമ്മിറ്റി യോഗം ചേർന്നു വിഷയം വിശദമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

സിണ്ടിക്കേറ്റ് ഉപസമിതിയുടെ 30.05.2022ലെ യോഗത്തിന്റെ മിനുട് സ് പ്രകാരം, സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശവും, G.O.(Ms).No.195/85/GAD നമ്പർ സർക്കാർ ഉത്തരവും അടിസ്ഥാനപ്പെടുത്തി, "യോഗ്യത സർട്ടിഫിക്കറ്റുകളിൽ നിയമാനുസൃതമായ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ അത്തരം മാറ്റങ്ങൾ പരിഗണിച്ചുകൊണ്ട് തുടർപഠനത്തിന്റെ ഭാഗമായിട്ടുള്ള സെർട്ടിഫിക്കറ്റുകളിലും മാർക്ക് ലിസ്റ്റുകളിലും പേരുമാറ്റം വരുത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചു." സിണ്ടിക്കേറ്റ് ഉപസമിതിയുടെ തീരുമാനം 09.06.2022ൽ നടന്ന സിണ്ടിക്കേറ്റിന്റെ പരിഗണനയിലേക്കു സമർപ്പിക്കുകയും സൂചന (6) പ്രകാരം ഉപസമിതിയുടെ യോഗതീരുമാനം അംഗീകരിക്കുകയും അതിൻ പ്രകാരം പുതിയ നിയമം രൂപീകരിക്കുന്നതിനു അനുമതി നൽകുകയും ചെയ്തു. വൈസ്ചാൻസലറുടെ സൂചന (7) പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് സിണ്ടിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തിക്കൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് സിണ്ടിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും, സൂചന (8) പ്രകാരം അംഗീകാരം ലഭിക്കുകയും ചെയ്തു. പ്രസ്തുത മാർഗ്ഗനിർദേശങ്ങളിന്മേൽ വൈസ്ചാൻസലറുടെ സൂചന (9) പ്രകാരമുള്ള നിർദ്ദേശമനുസരിച്ച്, നിലവിലുള്ള നിയമം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവാകുന്നു .

ആയതിനാൽ ഗസറ്റ് വിജ്ഞാപനപ്രകാരം പേരിൽ മാറ്റം വരുത്തിയ/ വരുത്തുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രേഖകളിൽ പേര് മാറ്റുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അപേക്ഷകൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ടതാണ്.

എ) ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള പേരുമാറ്റം യൂണിവേഴ്സിറ്റി രേഖകളിൽ ചേർക്കുന്നതിനായി പുതുതായി സ്വീകരിച്ച പേര് യോഗ്യത സർട്ടിഫിക്കറ്റുകളിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ് (ഉദാ: SSLC, +2 , VHSE, CBSE ..സമാന സർട്ടിഫിക്കറ്റുകൾ ).

ബി) നിയമപരമായ മാറ്റങ്ങൾ യോഗ്യത സർട്ടിഫിക്കറ്റുകളിൽ വരുത്തിയിട്ടുണ്ടെങ്കിൽ അത്തരം സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഗസറ്റ് വിജ്ഞപാനത്തിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ വൺ ആൻഡ് ദ സെയിം സെർട്ടിഫിക്കറ്റ്, നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം(ഗസറ്റഡ് ഓഫീസർ / പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയത് ), പേരുമാറ്റം വരുത്തേണ്ട സർട്ടിഫിക്കറ്റിന്റെ പകർപ്പ് / ഹാൾടിക്കറ്റ് / CAP ID പ്രൂഫ് എന്നിവ സഹിതം നിശ്ച്ചിത ഫീസടച്ച് യൂണിവേഴ്സിറ്റിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സി) നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ ഗസറ്റ് വിജ്ഞാപനപ്രകാരം യോഗ്യത സർട്ടിഫിക്കറ്റുകളിൽ പേരുമാറ്റം വരുത്തിയതിനു ശേഷം, സർവകലാശാല രേഖകളിൽ മാറ്റം വരുത്തുന്നതിനായി പ്രിൻസിപ്പൽ മുഖേന പരീക്ഷ കൺട്രോളർക്കു അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇവരുടെ കോഴ്സ് പൂർത്തിയായതിനുശേഷം പുതിയ പേരിൽ മാർക്ക്ലിസ്റ്റ് / സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് .

ഡി) കോഴ്സ് പൂർത്തിയായതിനുശേഷം പേരുമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ ജി & എ ബ്രാഞ്ചിൽ നിന്നും ലഭിക്കുന്ന ഉത്തരവിൻ പ്രകാരം ഒറിജിനൽ സർട്ടിഫിക്കറ്റുകളിൽ പേരുമാറ്റം വരുത്തുന്നതിനായി ആവശ്യമായ രേഖകൾ സഹിതം പരീക്ഷ കൺട്രോളർക്കു അപേക്ഷ നൽകേണ്ടതാണ്. ഇവരിൽ നേരത്തെ സർട്ടിഫിക്കറ്റുകൾ വാങ്ങിയിട്ടില്ലാത്തവർക്ക് പുതിയപേരിലും, സർട്ടിഫിക്കറ്റുകൾ വാങ്ങിയിട്ടുള്ളവരുടെ മാർക്ക് ലിസ്റ്റ് / സർട്ടിഫിക്കറ്റുകളിൽ, ഉപോദ് ബലകമായ ഉത്തരവുകൾ സൂചിപ്പിച്ചുകൊണ്ട് തിരുത്തൽ മുഖേനയും തനതു(Original) രേഖകളിൽ പുതിയ പേര് സൂചിപ്പിക്കാവുന്നതാണ്

ഇ) ഗസറ്റ് വിജ്ഞാപനപ്രകാരം പേരിൽ മാറ്റം വരുത്തുകയും ഈ മാറ്റം യോഗ്യതാ സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്ന പക്ഷം, പ്രസ്തുത വിദ്യാർത്ഥികൾക്ക് നിലവിലുള്ള യൂണിവേഴ്സിറ്റി രേഖകൾ പ്രകാരം പഴയ പേരിൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

സർട്ടിഫിക്കറ്റുകളിൽ പേരുമാറ്റം വരുത്തുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ മേല്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .
തദനുസരണം ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

Ajayakumar T.K

Assistant Registrar

To

പരീക്ഷ കൺട്രോളർ / വൈസ്ചാൻ സലറുടെ പി എസ് / പ്രോ വൈസ്ചാൻസലറുടെ പി എ / രജിസ്ട്രാറുടെ പി എ/ പരീക്ഷ കോൺട്രോളറുടെ പി എ / ജോയിന്റ് കൺട്രോളർമാർ / വകുപ്പ് തലവന്മാർ/ കോളേജ് പ്രിൻസിപ്പൽമാർ/ ഡി എസ് ഡബ്ല്യൂ / സുവേഗ .

Forwarded / By Order

Section Officer